**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1758** **09-12-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ മണ്ഡലത്തിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ മണ്ഡലത്തിൽ എത്ര പദ്ധതികൾ മ്യൂസിയം, പുരാവസ്തു വകുപ്പിന് കിഴിൽ നടന്നുകൊണ്ടിരിക്കുന്നുവെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | (എ) | കണ്ണൂർ മണ്ഡലത്തിൽ മ്യൂസിയം, പുരാവസ്തു വകുപ്പിന് കിഴിൽ ചുവടെ പറയുന്ന മൂന്ന് പദ്ധതികൾ നിലവിൽ നടന്നു വരുന്നു.<br><br>**മ്യൂസിയം മൃഗശാലാ വകുപ്പ്**<br><br>1. കണ്ണൂർ ടൗണിൽ സ്ഥിതി ചെയ്യുന്ന കേരള സംസ്ഥാന ഹാന്റ് ലൂം ഡെവലപ്മെന്റ് കോർപ്പറേഷന്റെ കെട്ടിടത്തിൽ സജ്ജീകരിച്ചുവരുന്ന കൈത്തറി മ്യൂസിയം 2023 മാർച്ച് മാസത്തോടു കൂടി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണെന്ന് പ്രതീക്ഷിക്കുന്നു.<br><br>**പുരാവസ്തു വകുപ്പ്**<br><br>2. സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള നിർമ്മിതിയായ പയ്യാമ്പലം ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ സംരക്ഷണ പ്രവൃത്തി 2023 മാർച്ച് മാസത്തോടു കൂടി പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>3. കോലത്തിരിയുടെ പടനായകനായിരുന്ന മുരിക്കഞ്ചേരി കേളുവിനെ സംസ്കരിച്ചു എന്ന് കരുതപ്പെടുന്ന പയ്യാമ്പലത്ത് സ്ഥാപിക്കുന്ന ഒരു സ്മൃതി മണ്ഡപത്തിന്റെ പ്രവൃത്തി 2024 മാർച്ച് മാസം പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ